**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2887** **28-02-2023 - ൽ മറുപടിയ്ക്ക്**

**കീഴ്മുറികടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് കുന്തിപ്പുഴയിൽ നിലാപറമ്പിന് സമീപം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന കീഴ്മുറികടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും ഏകദേശം എത്ര ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, കുന്തപുഴയ്ക്ക് കുറുകെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജ് പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തും മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് എന്നീ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ പാലം വഴി ബന്ധിപ്പിക്കുന്നു. കരാർ പ്രകാരം 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഇതുവരെ 40.5 ശതമാനം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 12 സ്പാനുകൾ ഉള്ള റെഗുലേറ്ററിന്റെ 7 സ്പാനുകളും, 48 ഗർഡറുകളിൽ 48 എണ്ണവും, 11 പിയറുകളിൽ 7 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ അപ്സ്ട്രീമിൽ 600 മീറ്ററിൽ 530 മീറ്റർ സംരക്ഷണഭിത്തിയുടെ നിർമ്മാണവും, ഡൗൺസ്ട്രീമിൽ 250 മീറ്ററിൽ 250 മീറ്റർ സംരക്ഷണഭിത്തിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ 17 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ബി) | മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, കുന്തപുഴയ്ക്ക് കുറുകെ മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജ് പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തും മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് എന്നീ ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ പാലം വഴി ബന്ധിപ്പിക്കുന്നു. കരാർ പ്രകാരം 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഇതുവരെ 40.5 ശതമാനം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 12 സ്പാനുകൾ ഉള്ള റെഗുലേറ്ററിന്റെ 7 സ്പാനുകളും, 48 ഗർഡറുകളിൽ 48 എണ്ണവും, 11 പിയറുകളിൽ 7 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ അപ്സ്ട്രീമിൽ 600 മീറ്ററിൽ 530 മീറ്റർ സംരക്ഷണഭിത്തിയുടെ നിർമ്മാണവും, ഡൗൺസ്ട്രീമിൽ 250 മീറ്ററിൽ 250 മീറ്റർ സംരക്ഷണഭിത്തിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ 17 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ